'124737/2023

## വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. AFSANA PERWEEN IAS)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം-ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA NO.312/2023 കേസിൻമേൽ 29/09/2023 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സർക്കാർ ഉത്തരവ് (MS) നം.6/2021/സാ.നീ.വ. തീയതി:15/02/2021

2) വനിതാ ശിശുവികസന ഡയറക്ടറുടെ 12/08/2023 തീയതിയിലെ DWCD/4031/2023-E8 നമ്പർ ഉത്തരവ്

3) OA312/23 കേസിൻമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 29/09/23 തീയതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്

### ഉത്തരവ് നം. DWCD/5917/2023-E7 തീയതി: 06-11-2023

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗസറ്റഡ് റാങ്കിലുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി ക്ഷേമസ്ഥപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയേയും ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 2 തസ്തികകളിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയെയാണ് നിശ്ചയിച്ചിട്ടുള്ളത്.

വകുപ്പിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ഷാനവാസ്.കെ.പി.ശ്രീ.നവാബ് .എ എന്നീ ജീവനക്കാർ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 312/2023 കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൻമേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 29/09/2023 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ , നിലവിലെ വിശേഷാൽ ചട്ടത്തിൽ അനോമലി നിലനിൽക്കുന്നുണ്ടെങ്കിലും കാറ്റഗറി 2 ൽ ഉൾപ്പെട്ട ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ അപേക്ഷകർ ഉൾപ്പെടുന്ന വിഭാഗം മാത്രമാണ് ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുന്നത് എന്നുള്ളതിനാൽ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 4 ഒഴിവുകൾ നികത്തുന്നതിന് മൂന്നാഴ്ച്ചയ്ക്കുള്ളിൽ നടപടി സ്വീകരിക്കണമെന്ന് രണ്ടാം എതിർകക്ഷിയായ വനിതാ ശിശുവകസന ഡയറക്ടർക്ക് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

വനിതാ ശിശുവികസന വകുപ്പിന് 4 ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. പരാമർശം (2) പ്രകാരമുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റിലെ ക്രമ നം(1) ലെ ജീവനക്കാരന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതിനാൽ, ചുവടെ പേര് ചേർക്കുന്ന 4 ജീവനക്കാർക്ക് ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 4 ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

സീനിയോരിറ്റി ക്രമനം (2) ശ്രീമതി.മിനി.എസ്

സീനിയോരിറ്റി ക്രമ നം (3) ശ്രീ.ഷാനവാസ്.കെ.പി

'124737/2023

സീനിയോരിറ്റി ക്രമ നം (4) ശ്രീ.നവാബ്.എ

സീനിയോരിറ്റി ക്രമ നം (5) ശ്രീമതി.ടിൻസി.എം.ടി

മേൽ സാഹചര്യത്തിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 4 ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് I റൂൾ28 എ(1) പ്രകാരം 43400-91200 രൂപ ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും OA 312/2023 കേസിൻമേലുള്ള 29/09/2023 തീയതിയിലെ ഇടക്കാല ഉത്തരവ് നടപ്പിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം | ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന കാര്യാലയങ്ങളുടെ പൂർണ്ണ അധികച്ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാരന്റെ പേര്, തസ്തിക,കാര്യാലയം |
|---|---|---|---|
| 1 | ശ്രീമതി.മിനി.എസ് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ഗവ. ചിൽഡ്രൻസ് ഹോം നൂറനാട് | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II ഗവ.ചിൽഡ്രൻസ് ഹോം,കോട്ടയം | ശ്രീ.ജമാൽ ഖാൻ.എ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ, ഗവ.ചിൽഡ്രൻസ് ഹോം നൂറനാട് |
| 2 | ശ്രീ.ഷാനവാസ്.കെ.പി ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ഗവ.ചിൽഡ്രൻസ് ഹോം (ബോയ്സ്), കണ്ണൂർ | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ്), കോഴിക്കോട് | ശ്രീമതി.മുനീറ.എ.കെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഗവ.ചിൽഡ്രൻസ് ഹോം (ഗേൾസ്), കണ്ണൂർ |
| 3 | ശ്രീ.നവാബ്.എ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ഗവ.ഒബ്സർവേഷൻഹോം, തിരുവനന്തപുരം | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II ഗവ.ചിൽഡ്രൻസ് ഹോം. കൊല്ലം | ശ്രീ.അക്ഷയകുമാർ.കെ.എസ് ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. ഗവ.സ്പെഷ്യൽ ഹോം & ചിൽഡ്രൻസ് ഹോം തിരുവനന്തപുരം |
| 4 | ശ്രീമതി.ടിൻസി.എം.ടി ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ഗവ.ചിൽഡ്രൻസ് ഹോം തവനൂർ.മലപ്പുറം | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ്), എറണാകുളം | ശ്രീമതി.റസിയ.എൻ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, റെസ്ക്യൂ ഹോം, മലപ്പുറം |

'124737/2023

ഡി.ഡി.ഒ പ്രിവിലേജ് ലഭിക്കാത്ത സ്ഥാപനങ്ങളിലേയ്ക്ക് ഡി.ഡി.ഒ യുടെ ചുമതല മുൻപ് നൽകിയിട്ടുള്ള ജീവനക്കാർ തുടർന്നും പ്രസ്തുത ചുമതല നിർവഹിക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ പ്രസ്തുത തസ്തികയിൽ തുടർച്ചയായ രണ്ട് വർഷകാലയളവിനുള്ളിൽ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തീകരികരിച്ചാൽ മാത്രമേ തുടർന്നുള്ള ഉദ്യോഗക്കയറ്റത്തിന് അർഹരാകുകയുള്ളു.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signed by Afsana Perween Ias
Date: 06-11-2023 16:46:20
AFSANA PERWEEN IAS
വനിതാ- ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

1 അഡ്വക്കേറ്റ് ജനറൽ കേരള തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

2 ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്

3 ബന്ധപ്പെട്ട ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്ക്

4 സൂപ്രണ്ട്-ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5 സ്റ്റോക്ക് ഫയൽ/സ്പെയർ